**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** | **14-01-2021 - ൽ മറുപടിയ്ക്ക്**

**കർഷകർ കൈവശം വച്ചിട്ടുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.യു. ജനീഷ് കുമാർ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സ.ഉ.(കൈ)നം.261/20/റവ. ഉത്തരവ് പ്രകാരം ഏഡ് പ്രൊഡക്ഷൻ ഏരിയ-യിലെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ W.P. (c) No. 18678/ 2020 നമ്പർ കേസ്സിൽ, നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ 08 .07.2020-ന് പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. “that the conditions imposed in the patta are not intended to be altered, we are of the prima facie view that the Government should not permit the assignees to cut trees other than sandalwood by altering the conditions in the patta’ ടി ഉത്തരവിൽ റവന്യൂ വകുപ്പിന്റെ 11.03.2020-ലെ പരിപത്രം നടപ്പിലാക്കുന്നത് രണ്ടാഴ്ചത്തേക്ക് സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്ന്, ഇതേ കേസിൽ 21.08.2020-ന് ബഹു. ഹൈക്കോടതി ഇപ്രകാരമാണ് ഉത്തരവായിട്ടുള്ളത്. “Viewed from that angle, we are inclined to modify the interim order of stay to the extent that, whenever the assignees have obtained cutting passes or permission from the competent authorities, they are entitled to cut and remove the trees, subject to the conditions imposed in the said order. While doing so, authorities are directed to ensure that there is no violation of law. Authorities are further directed to ascertain the genuineness of pattas issued, on the basis of which, the farmers claim possession. Private respondents are also bound to ensure that the conditions contained in the patta are followed “. ബഹു.ഹൈക്കോടതിയിലെ WP (C) No.23243/2020 (E) of 2020-നമ്പർ കേസിൽ പുറപ്പെടുവിച്ച 15.12.2020-ലെ ഉത്തരവിൽ, ഡിവിഷൻ ബെഞ്ചിന്റെ WP (C) No.13678/2020-ലെ 21.08.2020 തീയതിയായ ഉത്തരവ് പരാമർശിച്ചുകൊണ്ട് ഇപ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | “The Government orders/circulars or even the interim order passed by this Court would not help the petitioners as none of those orders relate to patta granted under 1993 Rules. It is also pertinent to note that even in the order Ext.P7 passed in W.P.(C)No. 13678/20 on 21.08.2020, the Division Bench has, while modifying the stay order, directed the authorities to ascertain the genuiness of the pattas issued, based on which the farmers claim possession and the private respondents would be bound to ensure that the conditions contained in the patta are followed.....At any rate, the petitioners cannot have a case that are not bound by the Special Rules 1993. The State Government which got approval for those rules from the Central Government based on the undertaking to preserve the status of reserve forest cannot dilute the said undertaking by issuing circulars and orders like Exts.P6 or P10” ടി ഉത്തരവിലെ Ext.P10 എന്നത് 24.10.2020-ലെ സ.ഉ. (കൈ)നം. 261/2020/റവ. സർക്കാർ ഉത്തരവാണ്. ബഹു.ഹൈക്കോടതിയുടെ ടി ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ ഫുഡ് പ്രൊഡക്ഷൻ ഏരിയായിലെ, കർഷകർ നട്ടുവളർത്തിയ, മരങ്ങൾ മുറിക്കുന്നതിന് പട്ടയത്തിലെ കണ്ടീഷനുകൾ ബാധകമാണ്. ഫുഡ് പ്രൊഡക്ഷൻ ഏരിയായിൽ പട്ടയങ്ങൾ ലഭ്യമായിട്ടുള്ള ഭൂമികളിലെ തേക്ക്, ഈട്ടി, ചന്ദനം, എബണി എന്നിവ ഒഴികെയുള്ള, കർഷകർ നട്ടുവളർത്തിയിട്ടുള്ള, മരങ്ങൾ മുറിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഇല്ലാത്തതാണ്. |
| (ബി) | സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ മരം മുറിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.. ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്നതും പൊതുസ്ഥലങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നതുമായ മരങ്ങൾ മുറിയ്ക്കുന്നതിന്റെ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അതത് റീജിയണിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പരിശോധിച്ച്, ട്രീ കമ്മിറ്റിയുടെ അംഗീകാരത്തോട് കൂടി, മരം മുറിക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. |
| (സി) | കാട്ടുപന്നികളെ വെർമിൻ ഗണത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | കാട്ടുപന്നികളെ ശല്യ വനജീവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 11(1) (b) വകുപ്പ് പ്രകാരം, ഇക്കാര്യത്തിൽ സംസ്ഥാനം തന്നെ |

| | | | |
|---|---|---|---|
| | | | നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ മടക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, 21.12.2020-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെ ടി തീരുമാനം പുന:പരിശോധിക്കുന്നതിനായി കത്തയക്കാൻ തീരുമാനിക്കുകയും അപ്രകാരം കത്തയക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 01.01.1977നു മുൻപ് കർഷകർ കൈവശം വച്ചിട്ടുള്ള ഭൂമി, ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടി അതിർത്തി നിശ്ചയിച്ചിട്ടുള്ളതിനാൽ, ജണ്ടക്ക് പുറത്തുള്ള കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | 01.01.1977-ന് മുമ്പ് മുതൽ കർഷകർ കൈവശം വച്ചിരിക്കുന്ന വനഭൂമിക്ക് 1980-ലെ ക്രേന്ദ വന (സംരക്ഷണ) നിയമപ്രകാരം, കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് ശേഷം മാത്രമേ പട്ടയങ്ങൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ. ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടി അതിർത്തി തിരിച്ചാലും, ടി സ്ഥലങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് മുമ്പായി പട്ടയങ്ങൾ നൽകുന്നതിന് വനം വകുപ്പിന് തടസ്സങ്ങളുള്ളതാണ്. ബഹു. സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നം.2116/2000-ലെ 30.03.2009-ലെ വിധിയിലും, ഭാവിയിൽ വനഭൂമി പതിച്ചു നൽകുന്നത് കേന്ദ്രസർക്കാരിന്റെ 1980-ലെ വന (സംരക്ഷണ) നിയമത്തിന്റെ കീഴിലെ അനുമതിയ്ക്ക് വിധേയമായി മാത്രമേ ചെയ്യാവൂ എന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ